**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**
നക്ഷത്രചിഹ്നമിടാത്ത ചോദ്യം 5734
25.05.2017 ൽ മറുപടിക്ക്

**<u>വാഹന ഉപയോഗം</u>**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം** | **ഡോ.ടി.എം. തോമസ് ഐസക്ക്**<br>**ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി** |

| | |
|---|---|
| (എ) ഔദ്യോഗിക ഉപയോഗത്തിനായി വാഹനങ്ങൾ വാടകയ്ക്കെടുക്കാൻ അനുമതി നൽകിയിട്ടുള്ള ഓഫീസുകളിലെ വാഹന ഉപയോഗം ക്രമപ്രകാരമാണോ നടക്കുന്നതെന്ന് ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം പരിശോധിക്കാറുണ്ടോ ; | ഔദ്യോഗിക ഉപയോഗത്തിനായി വാഹനങ്ങൾ വാടകയ്ക്കെടുക്കാൻ അനുമതി നൽകിയിട്ടുള്ള ഓഫീസുകളിലെ വാഹന ഉപയോഗം ക്രമപ്രകാരമാണോ നടക്കുന്നതെന്ന് പ്രത്യേകമായി പരിശോധനകൾ ഒന്നും നടത്തിയിട്ടില്ല. |
| (ബി) സർക്കാർ ഖജനാവിൽ നിന്ന് കോടിക്കണക്കിന് രൂപ ചോർന്നുപോകുന്ന വാഹന വാടക ക്രമക്കേട് ഇൻസ്പെക്ഷൻ വിഭാഗം പരിശോധിച്ചിട്ടുണ്ടോ ; | പരിശോധനാ വേളയിൽ ശ്രദ്ധയിൽപ്പെടുന്ന വാഹന വാടക ക്രമക്കേടുകളിൽ പരിശോധന നടത്തി തുടർ നടപടി സ്വീകരിക്കാറുണ്ട്. |
| (സി) ഫുഡ് സേഫ്റ്റി വകുപ്പിന്റെ വാഹന വാടക ഇടപാടുകൾ പരിശോധിച്ചിട്ടുണ്ടോ; കണ്ടെത്തലുകൾ എന്തെല്ലാമാണ് ; ഇല്ലെങ്കിൽ പരിശോധിക്കുമോ ? | ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റിൽ വാഹനം വാടകക്ക് ഉപയോഗിക്കുന്നത് സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ട്. പരിശോധനാ റിപ്പോർട്ട് അംഗീകാരത്തിനായി സമർപ്പണത്തിലാണ്.<br><br>കൊല്ലം ഭക്ഷ്യ സുരക്ഷ അസി. കമ്മീഷണറുടെ കാര്യാലയത്തിൽ 2016 ഡിസംബർ മാസം 2-ാം തീയതി പരിശോധന നടത്തുകയുണ്ടായി. ഓഫീസിന് സ്വന്തമായി വാഹനം അനുവദിച്ചിട്ടില്ല. കെ എൽ -02, എ കെ 2115 നമ്പരിലുള്ള ടാറ്റാ സുമോ വാഹനമാണ് ഓഫീസ് ആവശ്യങ്ങൾക്കായി വാടകയ്ക്ക് ഉപയോഗിക്കുന്നത്. ശ്രീ ജയകുമാർ.കെ, |

| | |
|---|---|
| | ജയമന്ദിരം, കന്നിമേൽ, **കിളിക്കൊല്ലൂർ**.പി.ഒ, കൊല്ലം എന്ന വിലാസത്തിലാണ് എഗ്രിമെന്റ് തയ്യാറാക്കിയിരിക്കുന്നത്. 2011 വരെ NRHM ന്റെ വാഹനമാണ് ഉപയോഗിച്ചുവന്നിരുന്നത്. ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ 6.01.2012 ലെ D-3421/11/CFS പ്രകാരം പരമാവധി 20,000/- രൂപ ചെലവഴിച്ചുകൊണ്ട് ഓഫീസ് ആവശ്യത്തിനായി വാഹനം ഉപയോഗിക്കുവാൻ ഉത്തരവായിട്ടുണ്ട്. 2210-06-102-99-34-OC Plan എന്ന ശീർഷകത്തിൽ നിന്നാണ് തുക മാറുന്നത്. 11.9.2012 ലെ ഉത്തരവു പ്രകാരം ദിവസം 1500/- രൂപ പ്രകാരം 7/2012 ൽ വാഹനം ഉപയോഗിച്ചതായി കണ്ടെത്തിയിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ 17.9.2012 ലെ D-1985/12 CFS ഉത്തരവു പ്രകാരം മാസ പരിധി 24,000/- രൂപയായി ഉയർത്തിയിട്ടുണ്ട്. |

(signature)

അക്കൗണ്ട്സ് ഓഫീസർ